No. 184/2020

**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, ദേശത്തുപട്ടക്കാരും, പള്ളിക്കൈസ്ഥാനികളും, ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,

യേശുക്രിസ്തുവിലൂടെ വെളിപ്പെട്ട ദൈവസ്നേഹത്തിന്റെ ചാലകശക്തിയായി ലോകത്ത് സാക്ഷ്യം വഹിക്കുകയാണ് സഭയുടെ ദൗത്യം. ഈ ദൗത്യത്തിന്റെ ആവിഷ്കാരമാണ് മലങ്കര ഓർത്തഡോക്സ് സഭ നടത്തുന്ന വിവിധങ്ങളായ മിഷനറി പ്രവർത്തനങ്ങൾ. കുഷ്ഠരോഗികൾ, എയിഡ്സ് രോഗികൾ, അനാഥർ, ആലംബഹീനർ, പാർശ്വവത്കരിക്കപ്പെട്ടവർ എന്നിവർക്കായി ആൻഡമാൻസ്, കർണ്ണാടകയിലെ കുണിഗൽ, മക്കോഡിയ, ഭിലായ്, ഇറ്റാർസി, കലഹണ്ടി, പൂനെ-ദേഹു റോഡ്, യാചാരം, നെയ്യാറ്റിൻകര എന്നിങ്ങനെ കേരളത്തിനകത്തും പുറത്തുമായി അനവധി സ്ഥാപനങ്ങൾ അനുഗ്രഹകരമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. അർപ്പണബോധമുള്ള യുവതി യുവാക്കൾ മുന്നോട്ടുവന്നെങ്കിലേ സഭയുടെ മിഷൻ പ്രവർത്തനങ്ങൾ മുന്നോട്ടു തുടർന്നുകൊണ്ടുപോകാൻ സാധിക്കുകയുള്ളൂ. അപ്രകാരമുള്ളവരെ കണ്ടെത്താനും പ്രോത്സാഹിപ്പിക്കാനും സഭാമക്കൾക്കു കഴിയണം. സഭയുടെ സകല ഇടവകകളിലും സുവിശേഷസംഘത്തിന്റെ പ്രവർത്തനങ്ങൾ സജീവമാക്കുകയും ബാഹ്യവും ആഭ്യന്തരവുമായ സുവിശേഷപ്രവർത്തനങ്ങൾക്ക് ഊന്നൽ നല്കുകയും ചെയ്യണം.

വീണ്ടും പ്രിയരെ, മിഷൻസൺഡേ കവർപിരിവിനത്തിൽ കഴിഞ്ഞവർഷം 10047244.20 രൂപാ ലഭിച്ചു. ഇത്രയും ലഭിക്കുവാൻ കാരണം നമ്മുടെ വൈദികരിൽ ബഹുഭൂരിപക്ഷവും കാണിക്കുന്ന താല്പര്യമാണ്. ആയത് ഏറെ അഭിനന്ദനാർഹമാണ്. ഈ വർഷം കോവിഡ് മഹാമാരി കാരണം വളരെ സാമ്പത്തിക പ്രതിസന്ധി സഭ മൊത്തമായും മിഷൻ രംഗത്തും ഉണ്ടായിട്ടുണ്ട്. കോവിഡ് - 19 മൂലം ജൂലൈ മാസത്തിൽ നടത്തിവന്നിരുന്ന മിഷൻസൺഡേ ദിനാചരണം നടത്താൻ കഴിയാതെ പോയി. ഈ വർഷം ഡിസംബർ 20-ാം തീയതി ഞായറാഴ്ച മിഷൻ സൺഡേ ആയി ആചരിക്കുവാൻ നിശ്ചയിച്ചിരിക്കുകയാണ്. സഭയുടെ മിഷനുവേണ്ടി അന്നേദിവസം പ്രത്യേകം പ്രാർത്ഥിക്കുകയും മിഷൻസൺഡേ പിരിവ് പരമാവധി വിജയിപ്പിക്കാൻ പരിശ്രമിക്കുകയും ചെയ്യണം. നമ്മുടെ പട്ടക്കാരെല്ലാവരും ഇക്കാര്യത്തിൽ പ്രത്യേകം താൽപ്പര്യം കാണിക്കണം. പകുതിയോളം ഇടവകകൾ കഴിഞ്ഞവർഷം മിഷൻസൺഡേ പിരിവ് നൽകിയിട്ടില്ല എന്നറിയുന്നു. പിരിവ് നടത്തിയതിനുശേഷം സത്യസന്ധ്യമായി അയച്ചുകൊടുക്കാതിരിക്കുന്ന പ്രവണത ദൈവസന്നിധിയിൽ കുറ്റകരമാണ് എന്നു പ്രത്യേകം ഓർമ്മിക്കുന്നു. മിഷൻസൺഡേ പിരിവ് ഇടവകയുടെ വരുമാനത്തോടു ചേർക്കുവാൻ അനുവാദമില്ലാത്തതാകുന്നു. അത് ദൈവിക നീതിക്കെതിരെയുള്ള പാപമാണ്. മിഷൻസൺഡേ കവർപിരിവും മിഷൻസൺഡേ ദിനത്തിലെ കാണിക്കയും പ്രത്യേക സംഭാവനയും ചേർത്ത് മിഷൻബോർഡ് പ്രസിഡന്റ് അഭി. ഡോ. യൂഹാനോൻ മാർ തേവോദോറോസ് മെത്രാപ്പോലീത്തായുടെ പേരിൽ സെന്റ് പോൾസ് മിഷൻ സെന്റർ, തട്ടാരമ്പലം പി.ഒ.-690103, മാവേലിക്കര എന്ന വിലാസത്തിൽ അയച്ചുകൊടുക്കണം. അല്ലാത്തപക്ഷം Malankara Orthodox Syrian Church Mission Society Account No. (1) 0180037418101900 01, IFSC Code CSBK 0000180, CSB Mavelikara Branch. (2) 10410100260552. IFSC Code: FDRL 0001041 Federal Bank, Mavelikara Branch എന്ന അക്കൗണ്ടുകളിലേക്കോ ട്രാൻസ്ഫർ ചെയ്യാവുന്നതാണ്.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ...............

**ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

2020 ഒക്ടോബർ മാസം 16-ാം തീയതി
കോട്ടയം കാതോലിക്കേറ്റ് അരമനയിൽനിന്നും.